# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം:1191** **10.08.2017-ൽ മറുപടിയ്ക്ക്**

## ഭിന്നശേഷിക്കാരായ കുട്ടികൾക്കായുള്ള അദ്ധ്യാപികയുടെ നിയമനം

**ചോദ്യം** **ഉത്തരം**

പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | പ്രൊഫ : സി.രവീന്ദ്രനാഥ്

(വിദ്യാഭ്യാസ വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| എ) | കോട്ടയ്ക്കൽ നിയോജക മണ്ഡലത്തിലെ രാജാസ് ഗവൺമെൻറ് ഹയർസെക്കൻററി സ്കൂളിൽ ഭിന്നശേഷിക്കാരായകുട്ടികൾക്ക് അദ്ധ്യാപികയെ ലഭ്യമാക്കണമെന്ന സ്കൂൾ പി.ടി.എ.യുടെ നിവേദനം ലഭിച്ചിട്ടുണ്ടോ; എന്നാണ് ലഭിച്ചത് ; ആർ.എം.എസ്.എ. യിൽ എന്നാണ് ലഭിച്ചത്. | എ) | ആർ.എം.എസ്.എ.യിൽ 24/04/2017 ലാണ് ലഭിച്ചത് |
| ബി) | ആർ.എം.എസ്.എ.ഡയറക്ടറേറ്റിൽ ഇത് സംബന്ധിച്ച് എടുത്ത നടപടികളുടെ വിശദവിവരം ലഭ്യമാക്കുമോ ; | ബി) | വിവിധ ജില്ലകളിൽ നിലവിലുള്ള സ്പെഷ്യൽ അദ്ധ്യാപകരെ അതാത് ജില്ലകളിലുള്ള സ്കൂളുകളിലെ ഭിന്നശേഷിക്കാരായ കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ പുനർവിന്യസിക്കുന്നതിന് 26/07/2017 ന് ഉത്തരവായിട്ടുണ്ട്. |
| സി) | നിലവിൽ എത്ര അദ്ധ്യാപകരെ ആർ.എം.എസ്.എ.നിയമിച്ചിട്ടുണ്ട്; വിശദ വിവരം ലഭ്യമാക്കുമോ; | സി) | ആകെ 865 സ്പെഷ്യൽ അദ്ധ്യാപകരെ നിയമിക്കുന്നതിനാണ് കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുള്ളത്. ഇതിൽ കഴിഞ്ഞ വർഷം സേവനം അനുഷ്ഠിച്ചിരുന്നവർക്ക് കരാർ നിയമനം പുതുക്കി നൽകുവാൻ അനുമതി നൽകിയിട്ടുണ്ട്. ശേഷിക്കുന്ന അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| ഡി) | കോട്ടയ്ക്കൽ രാജാസ് ഹയർ സെക്കന്ററി സ്കൂളിൽ അടിയന്തിരമായി പ്രസ്തുത അദ്ധ്യാപികയെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ ? | ഡി) | 26.07.2017 ലെ ഉത്തരവിൽ ഈ സ്കൂളും ഉൾപ്പെട്ടിട്ടുണ്ട്. അദ്ധ്യാപകനിയമനം സംബന്ധിച്ച നടപടികൾ മലപ്പുറം ഉപവിദ്യാഭ്യാസ ഡയറക്ടർ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ